M 3745

Reg. No.: ..............................

Name : ..............................

DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

# II Semester B.A./B.Sc./B.Com./B.B.A./B.B.A. T.T.M./B.B.M./B.C.A./B.S.W. Degree (CCSS – Reg./Supple./Improv.) Examination, May 2013
## COMMON COURSE IN MALAYALAM (For B.A./B.Sc.)
## 2A 08 MAL : സാഹിത്യവും സംസ്കാരവും
## (2012 Admn.)

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക (**ഓരോ** വിഭാഗത്തിന്റെയും മൂല്യം **1**). **(4×1=4 വെയിറ്റേജ്)**

1) താഴെപ്പറയുന്ന കൃതികൾ ആരാണെഴുതിയത് ?

എ) സർപ്പക്കാട്

ബി) കുറ്റിപ്പുറം പാലം

സി) വിഷകന്യക

ഡി) കാടെവിടെ മക്കളേ

2) താഴെപ്പറയുന്ന തിണകൾക്ക് സമാനമായ ഭൂപ്രകൃതി ഏതെന്നെഴുതുക.

എ) മുല്ല

ബി) കുറിഞ്ചി

സി) പാല

ഡി) മരുതം

3) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

എ) കേരളത്തിലെ ഏറ്റവും പ്രാചീനമായ ലിപിയേത് ?

ബി) തെക്കേ ഇന്ത്യയിൽ ബ്രാഹ്മണർ ഉപയോഗിച്ചിരുന്ന ലിപിയേത് ?

സി) രാമായണ ചമ്പു എഴുതിയതാര് ?

ഡി) 'കേരള വ്യാസൻ' എന്നറിയപ്പെടുന്നതാരെ ?

P.T.O.

4) ''വേണ്ട മകളേ. അവനെ അവന്റെ അനുജൻ തന്നെ വധിച്ചു''

എ) ആരുടെ വാക്കുകൾ ?

ബി) ആരോടാണ് പറയുന്നത് ?

സി) ആരാണ് വധിക്കപ്പെട്ട ജ്യേഷ്ഠൻ ?

ഡി) ആരാണ് വധിച്ച അനുജൻ ?

5) ''ഇപ്പം ഏതായാലും വിളിക്കണ്ട. ഇവരെ അച്ഛൻ വരട്ടെ. അനന്തേട്ടൻ കൊറച്ച് കയിഞ്ഞിറ്റ് വാ.''

എ) ആരുടെ വാക്കുകൾ ?

ബി) ആരെക്കാണാനാണ് അനന്തൻ എത്തിയത് ?

സി) എന്ത് പറയാനാണ് എത്തിയത് ?

ഡി) ഏത് കൃതിയിൽ നിന്ന് ?

II. **എഴുപത്തിയഞ്ചു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക (വെയിറ്റേജ് –**1**). **(4×1=4 വെയിറ്റേജ് )**

6) കാവ് സംസ്ക്കാരം എന്നാലെന്ത് ? വിവരിക്കുക.

7) ''നാം മനുഷ്യന്റെ ജീവിതത്തെ Man Power ആക്കി. മൃഗങ്ങളുടെ ജീവിതത്തെ Horse Power ആക്കി'' – വിവക്ഷിതമെന്ത് ? വിശകലനം ചെയ്യുക.

8) 'ആധുനിക' പരിഷ്കാരത്തിന്റെ പ്രകൃതിവീക്ഷണം എന്ത് ?

9) പാട്ടു സാഹിത്യത്തെക്കുറിച്ച് കുറിപ്പെഴുതുക.

10) ''ഇപ്പോൾ എനിക്ക് നിന്നെ കൊല്ലാൻ ഒരസ്ത്രമയച്ചാൽ മതി. നീ നിരായുധനാണ്. പക്ഷേ, അത് ധർമ്മനീതികൾക്ക് നിരക്കുന്നതല്ല.'' – സന്ദർഭം വിശദീകരിക്കുക.

11) ''ഉം, കേറിക്കോ, പൊറത്ത് കേറിക്കോ. കൈപ്പാട് മുറിച്ചുകടക്കാൻ സഖാവിന് കയ്യുല്ല.'' – ആരുടെ വാക്കുകൾ ? വിശദീകരിക്കുക.

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ഏഴു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് –**2**). **(5×2=10 വെയിറ്റേജ്)**

12) 'നിങ്ങളുടെ കുഞ്ഞിനെ സ്നേഹം കൊണ്ട് പൊതിയുക എന്നതിന്റെ വ്യാവസായിക അർത്ഥം നിങ്ങൾ നിങ്ങളുടെ കുഞ്ഞിനെ ഒരു പ്രത്യേക പേരുള്ള പൗഡർകൊണ്ട് പൊതിയുക എന്നാണ് '. വിശദമാക്കുക.

13) 'സർപ്പക്കാട് ', 'കുറ്റിപ്പുറം പാലം' എന്നീ കവിതകൾ ആവിഷ്കരിക്കുന്ന പരിസ്ഥിതി ബോധത്തിന്റെ വ്യത്യാസം വിശദീകരിക്കുക.

14) 'മെയ്പാടിയൽ' എന്തെന്ന് വിശദീകരിക്കുക.

15) മണിപ്രവാളകൃതികളെക്കുറിച്ച് ഉപന്യസിക്കുക.

16) വിവിധ പ്രദേശങ്ങളുമായി നിരന്തരം ബന്ധപ്പെടുന്ന ഒരു ഗ്രാമത്തിൽ സൃഷ്ടിക്കപ്പെടാവുന്ന ആശയപ്രപഞ്ചമാണ് നമുക്കുള്ളത് – സമർത്ഥിക്കുക.

17) 'ആണ്ടുബലി' എന്ന നാടകത്തിലെ സ്ത്രീകഥാപാത്രങ്ങളുടെ പ്രത്യേകത വിശദമാക്കുക.

18) 'നെയ്ത്തുകാരനി'ലെ അപ്പമേസ്ത്രി, ജോഷി, അലോക് എന്നീ കഥാപാത്രങ്ങൾ അവതരിപ്പിക്കുന്ന സാംസ്കാരിക പരിസരം വ്യക്തമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് –4). **(3×4=12 വെയിറ്റേജ് )**

19) ''പ്രകൃതി-പരിഷ്കൃതി, പരിസ്ഥിതി-സാഹിത്യകൃതികളെ പരിസ്ഥിതി സൗന്ദര്യ ശാസ്ത്രത്തിന്റെ കണ്ണിലൂടെ നോക്കിയാൽ കാണുക അടിസ്ഥാനപരമായ ഈ മൂന്ന് അനുഭവദേശങ്ങളാണ് '' – വിശദീകരിക്കുക.

20) തിണസങ്കല്പനത്തിന് ദ്രാവിഡസൗന്ദര്യശാസ്ത്രത്തിലുള്ള പ്രസക്തി ചർച്ച ചെയ്യുക.

21) മലയാള സംസ്കാരത്തിന്റെ രൂപീകരണത്തെക്കുറിച്ച് ഉപന്യസിക്കുക.

22) 'യുദ്ധത്തിന്റെ കെടുതികളും നിരർത്ഥകതയും ആവിഷ്കരിക്കുന്ന നാടകമാണ് ആണ്ടുബലി' – പരിശോധിക്കുക.

23) 'നെയ്ത്തുകാരനി'ൽ ആവിഷ്കരിച്ചിട്ടുള്ള ചരിത്രത്തിന്റെ വൈരുദ്ധ്യങ്ങൾ വിശദീകരിക്കുക.

---